# അധ്യായം- 7 സ്വാതന്ത്ര്യാനന്തര ഇന്ത്യ

## സ്വതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട പ്രധാന വെല്ലുവിളികൾ

### 1. അഭയാർത്ഥി പ്രവാഹം

ഇന്ത്യ വിഭജനത്തിന്റെ ഫലമായാണ് അഭയാർത്ഥി പ്രവാഹം ഉണ്ടായത്.
ഇന്ത്യയിൽ നിന്ന് പാക്കിസ്ഥാനിലേക്കും പാകിസ്ഥാനിൽ നിന്ന് ഇന്ത്യിലേക്കും അഭയാർത്ഥി പ്രവാഹം ഉണ്ടായി.
രാജ്യത്തിന്റെ പല ഭാഗങ്ങളിലും വർഗ്ഗീയ ലഹളകൾ ഉണ്ടായി -
(കൽക്കട്ട, ദില്ലി, നവഖാലി, കാശ്മീർ, ബീഹീർ, പഞ്ചാബ്).
ആയിരക്കണക്കിന് ആളുകൾ കൊല്ലപ്പെടുകയും സ്ത്രീകൾ ആക്രമിക്കപ്പെടുകയും ചെയ്തു.

### 2. നാട്ടുരാജ്യങ്ങളുടെ സംയോജനം

ബ്രിട്ടീഷുകാർ ഇന്ത്യവിട്ട് പോകുമ്പോൾ 600 ൽപരം നാട്ടുരാജ്യങ്ങൾ ഉണ്ടായിരുന്നു.
ഇന്ത്യൻ യൂണിയനിലോ, പാകിസ്ഥാനിലോ ചേരാൻ നാട്ടുരാജ്യങ്ങൾക്ക് അവകാശം നൽകിയാണ് ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടത്.
അത്കൊണ്ട് തന്നെ നാട്ടുരാജ്യങ്ങളുടെ സംയോജനം വിഷമം പിടിച്ച വെല്ലുവിയായിരുന്നു.
നാട്ടുരാജ്യങ്ങളുടെ സംയോജന ചുമതല സർദാർ വല്ലഭായി പട്ടേലിനായിരുന്നു.
സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറി വിപി മേനോനുമായി ചേർന്ന് **ലയനക്കരാർ** തയ്യാറാക്കി.
പ്രതിരോധം, വിദേശകാര്യം, വാർത്താവിതരണം എന്നിവയുടെ ചുമതല ഇന്ത്യൻ സർക്കാറിന്.
ജനകീയ പ്രതിശേധവും ഇന്ത്യൻ സർക്കാറിന്റെ ഇടപെടലും കാരണം ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനക്കരാറിൽ ഒപ്പ് വെച്ചു.
ഹൈദരാബാദ്, കാശ്മിർ, ജുനഗഡ് എന്നിവ അനുരഞ്ജന സൈനിക നടപടികളുടെ ഫലമായി പിന്നീട് ഇന്ത്യൻ യൂണിയനിൽ ലയിച്ചു.

### 3. ഭരണഘടന രൂപീകരണം

ക്യാബിനറ്റ് മിഷൻ നിർദേശപ്രകാരം1946 ൽ ഡോ.രാജേന്ദ്ര പ്രസാദ് അധ്യക്ഷനായി ഭരണഘടന നിർമാണസഭ രൂപീകരിച്ചു.
ഭരണഘടന എഴുതി തയ്യാറാക്കുന്നതിന് ബി.ആർ അംബേദ്കർ അധ്യക്ഷനായി ഒരു ഡ്രാഫ്റ്റിങ്ങ് കമ്മിറ്റിയെ നിയമിച്ചു.
നിരവധി ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും ഭരണഘടനക്ക് രൂപം നൽകി.
1950 ജനുവരി 26 ന് ഭരണഘടന നിലവിൽ വന്നു.

**<u>ഇന്ത്യൻ ജനാധിപത്യം സംരക്ഷിക്കുന്നതിൽ ഭരണഘടനയുടെ പങ്ക്</u>**

+ ഭരണഘടന അനുസരിച്ച ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണ്.
+ എല്ലാ പൗരൻമാർക്കും രാഷ്ട്രീയ അവകാശങ്ങൾ ഭരണഘടന ഉറപ്പ് നൽകുന്നു.
+ കൃത്യമായ ഇടവേളകളിൽ സ്വതന്ത്ര്യവും നിഷ്പക്ഷവുമായ തെരഞ്ഞടുപ്പ് നടത്തുവാൻ ഭരണഘടന അനുശാസിക്കുന്നു.
+ ജനങ്ങൾക്ക് മൗലികാവകാശങ്ങളും ഭരണഘടന ഉറപ്പ് നൽകുന്നു.

### 4. ആദ്യത്തെ പൊതു തെരഞ്ഞെടുപ്പ്.

ഭരണഘടനാനുസൃതമായി ഇന്ത്യയിലാദ്യമായി തെരഞ്ഞെടുപ്പ് നടന്നത് 1951-52 കാലയളവിലായിരുന്നു.
സ്വതന്ത്ര്യവും നിഷ്പക്ഷവുമായി നടന്ന ആദ്യ തെരഞ്ഞടുപ്പ് ഇന്ത്യൻ ഭരണഘടനയുടെ വിജയമായിരുന്നു.

### 5. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണം

ഒരു നാട്ടു രാജ്യത്തിൽ തന്നെ വിത്യസ്ത ഭഷകൾ സംസാരിച്ചിരുന്നവർ ഉണ്ടായിരുന്നു.
ആശയവിനിമയത്തിന് ഭാഷാ ന്യൂനപക്ഷങ്ങൾ വളരെ ബുദ്ധിമുട്ടി.
ഭാഷാ ന്യൂനപക്ഷങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കാതതെയായി.
ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണം ആവശ്യപ്പെട്ടുകൊണ്ട് ജനകീയ പ്രക്ഷോപങ്ങൾ ഇന്ത്യയിൽ ആരംഭിച്ചു.
പോറ്റി ശ്രീരീമലു നിരാഹാര സമരത്തിന്റെ അമ്പത്തിയെട്ടാം ദിവസം മരണപ്പെട്ടത് പ്രക്ഷോഭം ശക്തമാക്കി.
1953 ൽ തെലുങ്ക് സംസാരിക്കുന്നവരുടെ സംസ്ഥാനമെന്ന നിലയിൽ ആന്ദ്രപ്രദേശ് രൂപീകൃതമായി.
സംസ്ഥാന പുനസംഘടന കമ്മീഷൻ- ഫസൽഅലി (അധ്യക്ഷൻ), എച്ച.എൻ കുൻസ്രു, കെഎം പണിക്കർ (അംഗങ്ങൾ)
കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം 1956 ൽ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനസംഘടന നിയമം പാർലമെന്റ് പാസാക്കി.
14 സംസ്ഥാനങ്ങളും, 6 കേന്ദ്ര ഭരണ പ്രദേശങ്ങളും നിലവിൽ വന്നു.

**ഫ്രാൻസ് പോർച്ചുഗൽ എന്നിവയുടെ അധിനിവേശ പ്രദേശങ്ങൾ ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർക്കപ്പെട്ടു.**

ഫ്രാൻസ് - പോണ്ടിച്ചേരി, കാരക്കൽ, മാഹി, യാനം - 1954
പോർച്ചുഗൽ - ഗോവ, ദാമൻ, ദിയു - 1961

## സ്വതന്ത്ര്യാനന്തര ഇന്ത്യയുടെ സാമ്പത്തിക പുരോഗതിക്ക് സഹായകമായ ഘടകങ്ങൾ

| | | |
|---|---|---|
| മിശ്ര സമ്പദ് വ്യവസ്ഥ | കേന്ദ്രീകൃത സാമ്പത്തിക ആസൂത്രണം | ആസൂത്രണ കമ്മീഷൻ - 1950 |
| വിദേശ രാജ്യങ്ങളുടെ സഹായത്തോടെ ഇരുമ്പുരുക്ക് വ്യവസായങ്ങൾ ആരംഭിച്ചു. | | പഞ്ച വൽസര പദ്ധതി - 1951 |
| വൻകിട വിവധോദ്ദ്യേശ അണക്കെട്ടുകൾ സ്ഥാപിച്ചു- ഭക്രാനംഗൽ | | വൈദ്യുത നിലയങ്ങൾ ആരംഭിച്ചു |

## <u>നെഹ്റുവിന്റെ നേതൃത്വത്തിൽ ഇന്ത്യ നേടിയ ശാസ്ത്ര-സാങ്കേതിക പുരോഗതി</u>

**ശാസ്ത്ര ഗവേഷണ സമിതി** - ഹോമി ജഹാംഗീർ ഭാഭ, എസ്.എൻ ഭട്നാഗർ
ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്, ഇന്ത്യൻ ആണവേർജ കമ്മീഷൻ, IIT അഞ്ചെണ്ണം
**ഇന്ത്യൻ കാർഷിക ഗവേഷണ സമിതി** - - **ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി,**
മെഡിക്കൽ വിദ്യാഭ്യാസം, ബയോ മെഡിക്കൽ എഞ്ചിനീയറിങ്ങ്, ജനിതക ശാസ്ത്രം, ജൈവ സാങ്കേതിക വിദ്യ, ആരോഗ്യം, ഗതാഗതം, സമുദ്ര ഗവേഷണം,വിവര സാങ്കേതിക വിദ്യ, ആണവോർജം എന്നീ മേഖലകളിൽ പുരോഗതി നേടി.

RIYASMON B, AMHSS VENGOOR

## ബഹിരാകാശ രംഗത്തെ പുരോഗതി

1962 – ഇന്ത്യൻ ദേശീയ ബഹിരാകാശ ഗവേഷണ സമിതി - **ജവഹർ ലാൽ നെഹ്റു, വിക്രം സാരാ ഭായി** എന്നിവർ ചേർന്ന്.
1969 - ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന (ISRO) രൂപീകരിച്ചു. തുമ്പയിൽ ആദ്യത്തെ ബഹിരാകാശ വിക്ഷേപണ കേന്ദ്രം.
1975 – ആര്യഭട്ട എന്ന കൃത്രിമ ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ചു. ബഹിരാകാശ വിക്ഷേപണ വാഹനങ്ങൾ നിർമിച്ചു.
2008 – ചന്ദ്രയാൻ വിക്ഷേപണത്തിലൂടെയും, 2013ലെ മംഗൾയാൻ വിക്ഷേപണത്തിലൂടെയും ബഹിരാകാശ രംഗത്ത് ഇന്ത്യ മുന്നേറി.
ഉപഗ്രഹങ്ങൾ നിർമിക്കാനും വിക്ഷേപിക്കാനും കഴിവുള്ള ഏക വികസ്വര രാജ്യമാണ് ഇന്ത്യ.
ഇന്ത്യയിലെ ഉപഗ്രഹ വിക്ഷേപണ ഏജൻസികള് - **നാഷണൽ റിമോട്ട് സെൻസിങ്ങ് ഏജൻസി, ഫിസിക്കൽ റിസർച്ച് ലബോറട്ടറി**
ഇന്ത്യ വികസിപ്പെച്ചെടുത്ത മിസൈലുകൾ - **അഗ്നി, പൃത്വി.**
ആണവ പരീക്ഷണങ്ങൾക്ക് നേതൃത്വം നൽകിയവര് - **ഡോ. രാജറാമണ്ണ, ഡോ.എ.പി.ജെ അബ്ദുൽ കലാം**

## വിദ്യാഭ്യാസ കമ്മീഷനുകളും ലക്ഷ്യങ്ങളും

| **കമ്മീഷൻ** | **ലക്ഷ്യം** | **സുപാർശകൾ** |
|---|---|---|
| ഡോ. രാധാകൃഷ്ണൻ കമ്മീഷൻ (1948) | സർവ്വകലാശാല വിദ്യാഭ്യാസത്തെ കുറിച്ചുള്ള പഠനം | തൊഴിലതിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുക.<br>സ്ത്രീ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക.<br>യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ രൂപീകരിക്കുക. |
| ഡോ. ലക്ഷ്മണ സ്വാമി മുതലിയാർ കമ്മീഷൻ (1952) | സെക്കണ്ടറി വിദ്യാഭ്യാസത്തെ കുറിച്ചുള്ള പഠനം | ത്രിഭാഷ പദ്ധതി, വിവിധോദ്ദ്യേശ സ്കൂളുകൾ സ്ഥാപിക്കുക<br>സെക്കണ്ടറി തലത്തിൽ വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കുക.<br>അധ്യാപക പരിശീലന സമിതികൾ രൂപീകരിക്കുക. |
| ഡോ. ഡി.എസ് കോത്താരി കമ്മീഷൻ (1964) | വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃക | 10+2+3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പാക്കുക.<br>സെക്കണ്ടറി തലത്തിൽ തൊഴ്ലധിഷ്ഠിത വിദ്യാഭ്യാസം നടപ്പാക്കുക<br>ധാർമിക വിദ്യാഭ്യാസം നടപ്പാക്കുക |

## 1986 ദേശീയ വിദ്യാഭ്യാസ നയത്തിന്റെ സവിശേഷതകൾ

പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർ വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം.
**ഓപ്പറേഷൻ ബ്ലാക്ക് ബോഡ് -** പ്രൈമറി വിദ്യാഭ്യാസവും ഭൗതിക സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന്.
ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ ആരംഭിക്കുക.
പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോൽസാഹനം നൽകണം.

| ഇന്ത്യൻ സാംസ്കാരികോന്നമനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും ലക്ഷ്യങ്ങളും | |
|---|---|
| സംഗീത നാടക അക്കാദമി - ന്യൂഡൽഹി | സംഗീതത്തിന്റെയും നാടകത്തിന്റെയും പ്രോൽസാഹനം. |
| ലളിതകലാ അക്കാദമി - ന്യൂഡൽഹി | ഇന്ത്യക്കകത്തും പുറത്തും ഇന്ത്യൻ കലകളുടെ പ്രചാരണം. |
| സാഹിത്യ അക്കാഡമി - ന്യൂഡൽഹി | ഇന്ത്യൻ ഭാഷാ സാഹിത്യത്തിന്റെ ഉന്നമനം |
| നാഷണൽ സ്കൂൾ ഓഫ് ഡ്രാമ - ന്യൂഡൽഹി | സംഗീത നാടക അക്കാദമിയുടെ കീഴിൽ, നാടകമേള, നാടക പ്രോൽസാഹനം. |
| നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ - ന്യൂഡൽഹി | കുറഞ്ഞ ചിലവിൽ പുസ്തകങ്ങൾ അച്ചടിക്കുക. വായന വളർത്തുക. |

| ഇന്ത്യൻ വിദേശ നയത്തിന്റെ പ്രധാന തത്വങ്ങൾ | | |
|---|---|---|
| സാമ്യാജ്യത്വത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ് | | വംശീയ വാദത്തോടുള്ള വിദ്വേഷം |
| ഐക്യ രാഷ്ട്ര സഭയോടുള്ള വിശ്വാസം | സമാധാനപരമായ സഹവർത്തിത്വം | പഞ്ചശീല തത്ത്വങ്ങൾ |
| വിദേശ സഹായത്തിന്റെ ആവിശ്യകതയിലുള്ള ഊന്നൽ | | ചേരിചേരായ്മ |

### പഞ്ചശീല തത്ത്വങ്ങൾ - ഇന്ത്യൻ വിദേശനയത്തിന്റെ കണ്ണാടി

1954 ൽ ഇന്ത്യ ചൈനയുമായി ഒപ്പിട്ട കരാറാണ് പഞ്ചശീല തത്ത്വങ്ങൾ.
ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും ചൈനീസ് പ്രധാനമന്ത്രി ചൗ എൻ ലായിയും തമ്മിൽ.
എല്ലാ രാജ്യങ്ങളുമായി ഇന്ത്യയുടെ സമീപനം.

1. രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക.
2. പരസ്പരം ആക്രമിക്കാതിരിക്കുക.
3. ആഭ്യന്തര കാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക.
4. സമത്വവും പരസ്പര സഹായവും പുലർത്തുക.
5. സമാധാനപരമായ സഹവർത്തിത്വം പാലിക്കുക.

അന്താരാഷ്ട്ര വിഷയത്തിൽ സ്ഥിരമായി ഒരുചേരിയിൽ നിൽക്കാതെ പ്രശ്നത്തിന്റെ ശരിതെറ്റുകൾ വിലയിരുത്തി നിലപാടെടുക്കുക എന്ന സമീപനമാണ് ഇന്ത്യ സ്വീകരിച്ചത്

RIYASMON B, AMHSS VENGOOR